**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1673 05/12/2014-ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം<br>ശ്രീ. പി.റ്റി.എ.റഹീം | മറുപടി<br>**ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
|---|---|
| എ) നിറവ് പദ്ധതിയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ; | എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനും, വിളകളുടെ വിസ്തൃതി കൂട്ടുന്നതിനും, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനും മൂല്യ വർദ്ധനവിലൂടെയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടേയും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലി വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവ ഉൾപ്പെടുത്തി വിത്തു മുതൽ വിപണി വരെയുള്ള സമഗ്ര വികസനത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളും നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. |
| ബി) പദ്ധതിയുടെ ഭാഗമായി കുന്ദമംഗലം മണ്ഡലത്തിൽ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ബി) 2014-15-ലാണ് കുന്ദമംഗലം നിയോജക മണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. കുന്ദമംഗലം നിയോജക മണ്ഡലത്തിൽ മണ്ഡലതല മീറ്റിംഗ് കൂടി ആവശ്യമായ പദ്ധതികൾ തയ്യാറാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**